# കാവ്യവിമർശനം—
# കേരളീയനവോത്ഥാനവും കൊടുങ്ങല്ലൂരും

**ഡോ. പി.പവിത്രൻ**
പ്രൊഫസർ, മലയാളവിഭാഗം, എസ്.എസ്.യു.എസ്. പ്രാദേശികകേന്ദ്രം, തിരൂർ.

പുതിയ ഒരു ആത്മബോധത്തിലും മതവിമർശനത്തിലുമാണ് ആധുനികത്വത്തിന്റെ തുടക്കമെന്നു പറയാം. മതത്തിനകത്തു നിന്നും മതത്തിനു പുറത്തുനിന്നും ഈ വിമർശനമുയർന്നു വന്നിട്ടുണ്ട്. വൈകുണ്ഠസ്വാമികളിലും ശ്രീനാരായണഗുരുവിലും പൊയ്കയിൽ അപ്പച്ചനിലുമെല്ലാം മതത്തോടുള്ള വിമർശനം കാണാം. ഒരു വലിയ പരിധിയോളം മതയുക്തിയെ പൂർണമായി തള്ളാതെയുള്ള വിമർശനങ്ങളാണവ.

പൂർണമായ മതവിമർശനം ആരംഭിക്കുന്നത് നിരീശ്വരവാദത്തിന്റെ വരവോടു കൂടിയാണ്. കേരളീയ നവോത്ഥാനത്തിൽ യൂറോപ്യൻ ചിന്തയുടെ ഭാഗമായുള്ള ആധുനികനിരീശ്വരവാദം പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ ചർച്ചയ്ക്കു വരുന്നുണ്ട്. ഇന്ദുലേഖയിൽ തന്നെ പതിനെട്ടാം അധ്യായത്തിൽ നിരീശ്വരവാദം പരാമർശിക്കുന്നുണ്ട്. ചാൾസ് ബ്രാഡ്‌ലാ എന്ന നിരീശ്വരവാദിയായ ഇംഗ്ലീഷ് പാർലമെന്റംഗത്തെ കുറിച്ച് എടുത്തുപറയുന്നുണ്ട്. ബൈബിളിനെ മുൻനിർത്തിയല്ലാതെ സത്യപ്രതിജ്ഞ ചെയ്ത ആദ്യത്തെ പാർലമെന്റംഗമായിരുന്നു ബ്രാഡ്‌ലാ. നിരീശ്വരവാദികളായ പ്രൊഫസർമാർ കേരളത്തിലെ കോളേജുകളിൽ പഠിപ്പിച്ചിരുന്നു. സി.വി.കുഞ്ഞുരാമൻ തിരുവനന്തപുരം കോളേജിൽ പഠിപ്പിച്ചിരുന്ന നിരീശ്വരവാദിയായ കെമിസ്ട്രി പ്രൊഫസർ റീഡിനെ കുറിച്ച് പറയുന്നുണ്ട് (210). മതവിമർശനം നിരീശ്വരവാദമായി നേരിട്ട് പ്രത്യക്ഷപ്പെടാതെ അനാചാരങ്ങൾക്കെതിരെയുള്ള വിമർശനമാകുന്നതാണ് ഒരു രീതി.

കാവ്/ക്ഷേത്രം എന്ന വൈരുദ്ധ്യത്തെ ഉയർത്തിക്കാട്ടുന്നതാണ് കേരളീയ സന്ദർഭത്തിന്റെ മതവിമർശനത്തിന്റെ ഒരു ധാര. കാവും ക്ഷേത്രവും തമ്മിലുള്ള വൈരുധ്യം നവോത്ഥാനഘട്ടത്തിലെ പ്രബലമായ ഒരു പ്രമേയവുമായിരുന്നു.

അക്ഷരമെന്നതറിവീല ചാത്തന്
യക്ഷിയും പേയുമവർക്കു ദൈവം

എന്ന് ദുരവസ്ഥയിൽ കുമാരനാശാൻ തന്നെ യക്ഷിയെയും പ്രേതത്തെയും ആരാധിക്കുന്നത് തെറ്റാണെന്നും എന്നാൽ കൃഷ്ണനെ ആരാധിക്കുന്നത് ശരിയാണെന്നും പ്രഖ്യാപിക്കുന്നുണ്ട്.

കേവലമായ ദൈവത്തിനുനേരെ വിമർശനം ഉന്നയിക്കാതിരിക്കുകയും 'അന്ധവിശ്വാസ'ങ്ങൾക്കുനേരെ വിമർശനമുന്നയിക്കുകയുമാണ് നവോത്ഥാനം ചെയ്തത്. നവോത്ഥാനത്തിന്റെ രണ്ടു പ്രതിനിധികളായ വാഗ്ഭടാനന്ദനും സിദ്ധസമാജ സ്ഥാപകനായ ശിവാനന്ദ പരമഹംസരും ഈ നിലയിൽ എങ്ങനെ കൊടുങ്ങല്ലൂർ ഭരണിയെ വിമർശിച്ചുവെന്ന് നോക്കാം

കൊടുങ്ങല്ലൂർ ഭരണിയെ വിമർശിക്കുന്ന ഒരു സംവാദം നവോത്ഥാനത്തിന്റെ പ്രമുഖവക്താക്കളിലൊരാളായ വാഗ്ഭടാനന്ദൻ അവതരിപ്പിക്കുന്നുണ്ട്. (483-486). രാമനും കൃഷ്ണനും തമ്മിലുള്ള സംവാദമായാണ് അത് അവതരിപ്പിച്ചിരിക്കുന്നത്. 'കൊടുങ്ങല്ലൂരിൽ പോകുന്നവർ കോഴിയെയും കൊണ്ടുപോവുക പതിവുണ്ടല്ലോ. കൊണ്ടുപോകുന്ന കോഴിയുടെ കാലുകൾ കെട്ടിയിടുകയും കെട്ടപ്പെട്ട കോഴികളോട് 'നടകോഴി, നടകോഴി' എന്ന് ഉറക്കെ വിളിച്ചുപറയുകയും ചെയ്യും. എന്തൊരസംബന്ധമാണിത്. കെട്ടിയിട്ട കോഴികളോട് നടക്കുവാൻ പറഞ്ഞാൽ അവ നടക്കുമോ? എന്താണിതിനർത്ഥം?'

കൊടുങ്ങല്ലൂർ കോഴികളെ അറുക്കുന്നതും മദ്യം കുടിക്കുന്നതും തെറിപ്പാട്ടുകൾ പാടുന്നതും ഭഗവതിക്കാവിന്ന് എറിയുന്നതും ഭഗവതിയെ ചീത്തവിളിക്കുന്നതും നാരകീയാചാരമാണ്. 'കൊടുങ്ങല്ലൂരിനെപ്പോലെ ഒരു നരകപുരമുഖം ഇഹലോകത്തിൽ കാണുകയില്ല.' കശാപ്പുശാലകളിൽ കശാപ്പു നടക്കുന്നുണ്ടെങ്കിലും അവിടെ ആരും കള്ളും ചാരായവും കുടിക്കുന്നില്ല. തെറിപ്പാട്ടു പാടുന്നില്ല. മാംസം ഖണ്ഡിച്ചെടുക്കുന്നതിന് കുഴിച്ചിട്ടിരിക്കുന്ന മരക്കുറ്റികളെ ദൈവങ്ങളെന്നു കരുതുകയോ ഭക്തിവിശ്വാസങ്ങൾക്കെതിരായ നിലയിൽ മാറിനിന്ന് അവയെ ശകാരിക്കുകയോ ചെയ്യുന്നില്ല. ഈശ്വരഭജനത്തിനെന്നും പറഞ്ഞുപുറപ്പെട്ട് ഈശ്വരനെ ചീത്തവിളിക്കുകയാണ് അവിടെ. 'ഇതൊക്കെ

അന്യമതസ്ഥർക്കെന്നല്ല,വിവരമുള്ള കുട്ടികൾക്കു തന്നെയും വിസ്മയമോ ഭയമോ ജനിപ്പിക്കുന്നവയല്ലേ? ഹിന്ദുക്കളുടെ ഈ അധഃപതനത്തിന്റെ രഹസ്യം മനസ്സിലാകുന്നില്ല! ഈ ഭ്രാന്താചാരങ്ങൾക്ക് മതത്തിൽ വല്ല സ്ഥാനവുമുണ്ടോ? ഉണ്ടെങ്കിൽ ഇന്നുതന്നെ ഹിന്ദുമതം കൈവെടിയുവാൻ ഞാൻ ഒരുക്കമാണ്.' രാമന്റെ ഈ വിചാരത്തിന് കൃഷ്ണൻ കൊടുക്കുന്ന മറുപടിയിൽ ഇതൊന്നും ഹിന്ദുമതനിർദ്ദേശങ്ങളിൽപ്പെട്ട ആചാരങ്ങളല്ല എന്നാണ് വാദിക്കുന്നത്.

കൊടുങ്ങല്ലൂരിനെ സംബന്ധിച്ച ഒരു ഐതിഹ്യവും കൃഷ്ണൻ വിശദീകരിക്കുന്നു. കുടകൻ എന്ന രാജാവാണ് കൊടുങ്ങല്ലൂരിനെ നല്ല ഊരാക്കി മാറ്റിയത്. അതു കൊണ്ടാണ് ആ ഊരിന് കുടകന്നൂർ എന്നു പറയുന്നത്. അതിൽ നിന്നാണ് കൊടുങ്ങല്ലൂർ എന്നു പേരുവന്നത്. കുടകൻ ബുദ്ധമതാനുയായിരുന്നു. അദ്ദേഹം അവിടെ ഒരു വമ്പിച്ച കന്യാമഠം സ്ഥാപിച്ചു. അതോടെ കുടകന്നൂരിന്റെ പേര് തക്കന്യാമതിലകം എന്നായി. അതിന്റെ വികൃതരൂപമാണ് തൃക്കണാമതിലകം. കന്യകാമഠത്തെ പരിപാലിച്ചുപോന്നത് കുടകന്റെ സഹോദരി പത്തിനിയായിരുന്നു. പ്രാണിവധനിരോധനം, മദ്യവർജ്ജനം, പാതിവ്രത്യപരിപാലനം മുതലായ കാര്യങ്ങൾ നടപ്പിൽ വരുത്തലായിരുന്നു പത്തിനിയുടെയും അനുഗാമികളുടെയും ധർമം. പത്തിനി മരിച്ചശേഷം കുടകൻ ആ സഹോദരിയുടെ പ്രതിമ സ്ഥാപിച്ചു. ഇതിനെയാണ് ഹിന്ദുക്കൾ വലിയ ഭഗവതിയായി കരുതിപ്പോരുന്നത്. അവിടെ കന്യകകൾ ധർമപ്രചാരവേല നടത്തിക്കൊണ്ടിരുന്നു. 'ധർമദേവതയുടെ നാമത്തിൽ അധർമം നടത്തുന്നതിനു സന്നദ്ധരായിരുന്ന അന്നത്തെ ഹിന്ദുമതാഭാസന്മാർക്ക് ആ കന്യകമാരുടെ പേരിൽ എത്രത്തോളം വെറുപ്പാണുണ്ടായിരുന്നതെന്നു പറഞ്ഞറിയിക്കുക പ്രയാസമത്രേ. 'പ്രാണികളെ ഹിംസിക്കരുതെന്നോ, എന്നാൽ കാണിച്ചു തരാം' എന്നു പറഞ്ഞുകൊണ്ട് പലരും കോഴികളോട്ടുകൂടി അവിടെ പാഞ്ഞുചെന്ന് പാവന ചരിതകളായ കന്യകമാരുടെ മുമ്പിൽ കോഴികളെ അറുത്തു രക്തം ഒഴുക്കി. 'മദ്യം സേവിക്കരുതെന്നോ, എന്നാൽ കാണാമല്ലോ' എന്നും പറഞ്ഞ് അട്ടഹസിച്ചുകൊണ്ട് അവിടെ വെച്ചു കള്ളും ചാരായവും കുടിക്കാൻ തുടങ്ങി. നല്ലവാക്കേ പറയാവൂ എന്നതിന് അവരെ ശകാരിക്കുവാനും പോരാഞ്ഞിട്ട് തെറിപ്പാട്ടുണ്ടാക്കി പാടാനും തുടങ്ങി'.

ഇത്തരം ചേഷ്ടകൾകണ്ട് കതകടച്ച് അകത്തുകൂടിയ കന്യകകളെ കല്ലെറിഞ്ഞ് ഭീഷണിപ്പെടുത്തി. 'ഇത്തരം നാരകീയാഭാസാചാരങ്ങൾ ചെയ്തത്, കന്യകമാരെയും അതുവഴി ബുദ്ധമതത്തെയും പ്രധ്വംസനം

ചെയ്യുന്നതിന്നായിരുന്നു. ആ ദുരാചാരങ്ങളുടെ സ്മാരകമാണ് ഇന്നും നട ത്തപ്പെടുന്നത്.'

വസൂരിരോഗവും ഭഗവതിയും തമ്മിലുള്ള ബന്ധവും വിശദീകരിക്കു ന്നു. അറേബ്യയിൽനിന്നും വന്ന ഖദീജ എന്നൊരു സ്ത്രീയ്ക്ക് കപ്പലിൽ വെച്ചുതന്നെ വസൂരിരോഗം പിടിപെട്ടു. അവരെ മുക്കുവർ കരയ്ക്കടുപ്പിച്ചു. ആ സ്ത്രീയെ ശുശ്രൂഷിച്ചത് കന്യകാമഠത്തിലെ കന്യകകളായിരുന്നു. എന്നാൽ അവർ മരിച്ചുപോയി. 'അദ്ഭുതകരമായ ഒരുതരം രോഗത്താൽ മരിച്ച അവളുടെ രോഗപ്രകൃതിയോടു കൂടിയ ഒരു വിഗ്രഹത്തെ കന്യക മാർ അവിടെ പ്രതിഷ്ഠിച്ചു. ഇന്നും മസൂരി ബാധിച്ചതുപോലുള്ള ഒരു വി ഗ്രഹം കൊടുങ്ങല്ലൂരിൽ കാണുന്നത് ആ ഖദീജയുടേതാണ്. ആ വിഗ്ര ഹം കണ്ടതുകൊണ്ടാണ് മസൂരി രോഗത്തിന്റെ കർത്ത്രിയായ ഭഗവതി കൊടുങ്ങല്ലൂർക്കാരത്തിയാണെന്ന് ഹന്ദുക്കൾ വിശ്വസിക്കുന്നത്.' മസൂരി ഭഗവതി വരുത്തുന്ന രോഗമാണെങ്കിൽ ഹിന്ദുമതത്തിന്റെ ഭാഗമല്ലാത്ത ക്രിസ്ത്യാനികൾക്കും മുസ്ലിങ്ങൾക്കും അതെങ്ങനെ വരുന്നു എന്ന പരി ഹാസവും തുടർന്നുള്ള ചർച്ചയിലുണ്ട്.

കൊടുങ്ങല്ലൂർ ഭരണിക്കുനേരെ അതിശക്തമായ ആക്രമണമാണ് സി ദ്ധസമാജ സ്ഥാപകനായ ശിവാനന്ദ പരമഹംസർ നടത്തുന്നത്. അദ്ദേ ഹത്തിന്റെ കേരളാനാചാര(1922)ത്തിൽ ഈ വിമർശനം കാണാം (54-56). 'മലയാളത്തിൽ അത്യുഗ്രമായിട്ടുള്ളതെന്നും മുഖ്യമായിട്ടുള്ളതെന്നും പറഞ്ഞുവരുന്നതായ കൊടുങ്ങല്ലൂർ ഭഗവതി എന്നു സ്ഥാപിച്ചതായ ഈശ്വരിയ്ക്ക് ആട്, കോഴി മുതലായ ജീവികളെ കൊന്നു രക്തപാനം ചെയ്യുന്നതാണ് സന്തോഷം എന്നുകരുതി ജനങ്ങൾ അനവധി ജീവി കളെ അവനവന്റെ ജീവനെപ്പോലെതന്നെ അവർക്കും സുഖദുഃഖാദിക ളുണ്ടെന്നുള്ള യാതൊരു ആലോചനയും കൂടാതെ തന്റെ ജീവനും ഈ ജീവനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നുള്ള വിചാരം കൂടാതെ യും മഹാക്രൂര ചിത്തന്മാരായി ഈ ഈശ്വരിയാണെന്നുള്ള സങ്കല്പത്തി ന്മേൽ അവയെ വെട്ടിക്കൊല്ലുന്നു' എന്നു തുടങ്ങുന്ന വിമർശനം അതി ന്റെ ചടങ്ങുകളുടെ വിശദാംശത്തിലേക്ക് കടക്കുന്നു. ഓരോ കോഴിയു ടെ കാലുകൾ കെട്ടി തല കീഴായി തൂക്കിപ്പിടിച്ചാണ് കാവിലേക്ക് കൊ ണ്ടുപോകുന്നത്.

'അങ്ങനെ പോകുന്നവർ കള്ളുകുടിച്ചു പോകുംവഴിക്ക് അമ്മപെങ്ങന്മാ രില്ലാത്ത വിധത്തിൽ ഗുരുത്വമില്ലായ്മ കൊണ്ടു യാതൊരാളേയും ഭയപ്പെടു വാനില്ലാതെ, ശുദ്ധ തെമ്മാടികളായി, ചെറ്റകളായി, കേട്ടാൽ ലജ്ജിക്ക ത്തക്കതായ അനേക വാക്കുകൾ, അതായതു പെറ്റമ്മയുടെയും ഉണ്ടാക്കിയ

അച്ഛന്റെയും മൂത്രദ്വാരങ്ങളുടേയും മറ്റും പല അസഭ്യവാക്കുകളേയും പറഞ്ഞു അമ്മപെണ്ണുങ്ങന്മാരെ അപമാനിച്ചുകൊണ്ട് നടന്നുപോകുന്നു. കൊടുങ്ങല്ലൂരിൽ എത്തിയാൽ മേല്പറഞ്ഞ സ്ഥാനി, മാനി, യോഗ്യൻ, തറവാടി എന്നും മറ്റും അഭിമാനിച്ചു വരുന്നവരായ ചെറ്റകൾ അവിടെ മഞ്ഞപ്പൊടി കൊട്ടുപ്പാനാണെന്നു പറഞ്ഞുകൊണ്ട് വന്നുനില്ക്കുന്നതായ യുവതികളായ അതായതു പതിനാറു വയസ്സിനു മേല്പോട്ടും മുപ്പതുവയസ്സിനു കീഴ്പോട്ടും ഉള്ളതയാ സ്ത്രീകളുടെ മേൽ, ഓരോ വടികളുടെ തലയ്ക്കൽ കോഴിയുടെ തൂവൽ വെച്ചുകെട്ടി മറ്റേത്തല അവനവന്റെ കാൽത്തുടകൾ കൊണ്ടു ഇറുക്കിപ്പിടിച്ചു ആ വടിവെച്ചു ഊര കൊണ്ടു കുത്തുകയും ചില തെമ്മാടികൾ ആ വടികൾ എടുത്തു മേല്പറഞ്ഞ സ്ത്രീകൾ ഉടുത്ത തുണികളുടെ ഉള്ളിൽക്കൂടെ കുത്തുകയും സാധാരണ ചെയ്തു വരുന്നു. ഇങ്ങനെയുള്ള ശുദ്ധ തെമ്മാടികളായ ചെറ്റകളായിട്ടാണ് മേല്പറഞ്ഞ ദുരഭിമാനികളെ നാം കണ്ടുവരുന്നത്. ഈ വക ചെയ്യുവാൻ വേണ്ടിയായിരുന്നു ഈ വക വ്രതാദികൾ. ഇങ്ങനെ ഈശ്വരസേവ ചെയ്‌വാൻ വേദാദികളിലാവട്ടെ, ശാസ്ത്രാദികളിലാവട്ടെ പറഞ്ഞിട്ടില്ല. ഇങ്ങനെ ചെയ്യുന്നതു തോന്ന്യവാസമാണ്. ഇപ്രകാരം തോന്ന്യവാസം ചെയ്യുന്നവരും അങ്ങനെ ചെയ്യുന്നതിനെ നിർത്തൽ ചെയ്യാതെ അതു ചെയ്‌വാൻ ഇടവരുത്തി ചെയ്യിക്കുന്നവരും യാതൊരു ബുദ്ധിവിശേഷവുമില്ലാത്ത എന്തോ ഒരു കൂട്ടം മൃഗങ്ങളാണെന്നും തീർച്ചപ്പെടുത്തേണ്ടതാണ്" (56-57)

അടുത്തതായി സഹോദരൻ അയ്യപ്പൻ കൊടുങ്ങല്ലൂർക്കാവിനെയും ഭരണിയെയും എങ്ങിനെ നോക്കിക്കണ്ടുവെന്നു പരിശോധിക്കാം.

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന നാരായണഗുരുവിന്റെ വരികളെ

ജാതി വേണ്ട മതം വേണ്ട
ദൈവം വേണ്ട മനുഷ്യന്
വേണം ധർമ്മം വേണം ധർമ്മം
വേണം ധർമ്മം യഥോചിതം

എന്ന് വികസിപ്പിക്കുകയോ തിരുത്തിയെഴുതുകയോ ചെയ്തയാളാണല്ലോ സഹോദരൻ. നവോത്ഥാനകാലത്ത് ഏറ്റവുമധികം വിമർശിക്കപ്പെട്ട ഒരു 'അനാചാരവും അന്ധവിശ്വാസവും' കൊടുങ്ങല്ലൂർ ഭരണിയെ സംബന്ധിച്ചുള്ളതാണ്. സഹോദരൻ അയ്യപ്പൻ 'ഭരണിക്കു പോകല്ലേ' എന്ന പേരിൽ ഒരു കവിത തന്നെ എഴുതിയിട്ടുണ്ട്.

ഭരണിക്കു പോകല്ലേ സോദരരേ
ഭരണിക്കു പോകല്ലേ നിങ്ങളാരും

കനിവറ്റ ജീവിയെ കൊന്നിടുന്ന
മതി വിട്ടു മദ്യം കുടിച്ചിടുന്ന
തെറിപാടി ലോകം കെടുത്തിടുന്ന
നരകത്തിൻ വാതിൽ ഭരണിയോർപ്പിൻ.

എന്നു തുടങ്ങുന്ന കവിത മുഖ്യമായും ഊന്നുന്നത് കൊടുങ്ങല്ലൂരിലെ കോഴിയറുക്കലിലാണ്.

ഒരു മുള്ളു കാലിൽ തറയ്ക്കിൽപോലും
സഹിയാത്ത വേദന നിങ്ങൾക്കെങ്കിൽ
ഗളനാളമറ്റു പിടയ്ക്കും കോഴി-
ക്കുളവാകും വേദനയോർത്തുകൂടെ?

എന്ന് കൊല്ലപ്പെടുന്ന കോഴിയോട് അനുതാപം പുലർത്തുകയാണ് സഹോദരൻ അയ്യപ്പൻ. ദയവല്പമെങ്കിലുമുള്ളവർ ജിവികളെ ബലി ചെയ്യുന്ന ഈ ദുഷ്കർമ്മം ചെയ്യുകയില്ലെന്നും അതു പുണ്യമെന്ന് കരുതുന്നവർ മഠയന്മാരും പാപികളും നിഷ്ഠുരന്മാരുമാണ് എന്നും അയ്യപ്പൻ പറയുന്നു. അതിനോടൊപ്പം മദ്യത്തെയും വിമർശിക്കുന്നു.

മനുജരെ കൊല്ലാതെ കൊന്നിടുന്ന
വിഷമാണു മദ്യമതു കുടിച്ചു
മദമാർന്നു തുള്ളുന്ന മൂർഖജനാം
ഗതിയവർക്കില്ലല്ലോ സോദരരേ

ബഹുജനമധ്യത്തിൽ നാണമില്ലാതെ തെറിപാടി വായു മലിനമാക്കുന്നവരാണ് ഭരണിക്കാർ. എന്താണ് മതമെന്നു നിർവചിച്ച ശേഷം ഭരണി മതത്തിന് പറ്റുന്നതാണോ എന്ന ചോദ്യം കവി ചോദിക്കുന്നു:

കരുണ, സുബോധവും, സന്മാർഗത്തിൽ
പ്രണയവുമേറ്റുന്നു നല്ല മതം
അതുകളെ ഇല്ലായ്മ ചെയ്തിടുന്ന
ഭരണി മതത്തിനു പറ്റിയതോ?

എന്നു വിശദീകരിക്കുന്നു. കരുണയും സുബോധവും സന്മാർഗ നിഷ്ഠയും ഉൾക്കൊള്ളുന്നതാണ് അയ്യപ്പൻ സങ്കല്പിക്കുന്ന മതം.

കള്ളുകുടിച്ചു തെറിപറഞ്ഞും ജന്തുവെ കൊല്ലുന്ന ധർമം എന്ന അന്ധത എങ്ങിനെയാണ് വന്നു കൂടിയതെന്ന് ആലോചിക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നു. അതിനു മുമ്പുണ്ടായിരുന്ന മറ്റൊരു മതത്തിലേക്ക് ശ്രദ്ധ തിരിക്കുകയും ചെയ്യുന്നു:

ഹിംസ, കളവഥ, കാമദോഷം
കള്ളവും കള്ളുകുടിയേതുമേ
ധർമ്മ വിരുദ്ധമെന്നോതിയോരു
നല്ല മതമിങ്ങിരുന്നവല്ലോ
ആ മതസന്ദേശ വാഹിനികൾ
ശീലവതികളാം ഭിക്ഷുണിമാർ
വാണ വിശുദ്ധ മഠങ്ങളാണീ
കാവുകളൊക്കെയും പണ്ടുപണ്ടേ

ഇങ്ങനെ സദാചാരബോധത്തിൽ നിന്നുകൊണ്ടു ഭരണിയെ വിമർശിക്കുക മാത്രമല്ല, അതിനു മുമ്പുള്ള ബുദ്ധമതത്തെ ഉയർത്തിക്കാട്ടുക കൂടിയാണ് അയ്യപ്പൻ. എങ്ങിനെയാണ് ഭരണി രൂപപ്പെട്ടതെന്നും വ്യക്തമാക്കുന്നു:

ആ മഹാകന്യാമഠങ്ങളെല്ലാം
കേറിയധർമ്മികളാക്രമിച്ചു
അന്നവർ ചെയ്ത കഠിനതകൾ
ഇന്നും നടപ്പു ഭരണിയായി
മദ്യപിച്ചങ്ങവർ ചെന്നുകേറി
ഭിക്ഷുണിമാരെ തെറിപറഞ്ഞു
സദ്ധർമ്മ തത്ത്വവിരോധം കാട്ടാൻ
വെട്ടിയവരഹോ കോഴികളെ

ഭരണിയുടെ പിന്നിലെ കുത്സിതമായ ഈ ചരിത്രം നാട്ടിൽ മുഴുവൻ ചെന്നു പറയുവാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. എല്ലാ കുടികളിലും ചെന്ന് ഭരണിക്കു പോകുന്നത് തടയാൻ പറയാനും നരകത്തിൽ പോകുന്ന മനുഷ്യരെ തിരികെ വിളിക്കാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. എന്നു മാത്രമല്ല കരുണയുടെ സന്ദേശം പകരമായി പ്രചരിപ്പിക്കാനും പറയുന്നു.

സഭതോറുമെങ്ങുമെ ചെന്നു നിങ്ങൾ
കനിവിന്റെ സന്ദേശം ചൊല്ലിടുവിൻ

രാജാക്കന്മാർ തുടങ്ങിയവരാരും ഭരണിക്കാവിൽ വന്നു തുള്ളുന്നില്ലെന്നും അവരാരും അത് സൽക്കർമ്മമായി കാണുന്നില്ലെന്നും കവി ഓർമിപ്പിക്കുന്നു. അതു പാപമേറ്റുന്ന കാര്യമാണെന്ന് അവർക്കറിയാം. ഇങ്ങനെ വർഗപരമായ ഒരു തലംകൂടി കാവുവിമർശനത്തിന് സഹോദരൻ

കൊണ്ടുവരുന്നു.

'പേരിടാത്ത കവിത' എന്ന പേരിൽ മറ്റൊരു കാവ്യശകലം കൂടി സഹോദരൻ അയ്യപ്പന്റേതായുണ്ട്.

അല്ലേ, കൊടുങ്ങല്ലൂർക്കാവിലെ ക്രൂരത
കല്ലേ, നീ മൂഢർക്കു തമ്പുരാട്ടി
... ...
ഏഴയായ് വല്ലതും തിന്നു നടക്കുന്ന
കോഴിയെ കാൽ രണ്ടും കെട്ടിയേറ്റി
തെറ്റും തെറിയും പറഞ്ഞു വഴിയൊക്കെ
നാറ്റിച്ചു കള്ളിന്റെ മത്തുകാട്ടി
ധിക്കാരിയാക്കി മനുഷ്യനെ മാറ്റുവാ-
നിക്കാലം നീയാണൊരൊറ്റ ഹേതു.

സഹോദരൻ അയ്യപ്പന്റെ 'ഓണപ്പാട്ടി' ലും ഇതുപോലെ ഒരു ബുദ്ധ ഭൂതകാലത്തെയാണ് സങ്കല്പിക്കുന്നത്. മാവേലി സൗഗതനായ രാജാവും വാമനൻ ബ്രാഹ്മണാധിപത്യത്തിന്റെ പ്രതീകവുമാണ്. നിലവിലുണ്ടായിരുന്ന ഓണപ്പാട്ടിനെ തന്റേതായ രീതിയിൽ വ്യാഖ്യാനിക്കുകയാണ് സഹോദരൻ.

വിദ്യ പഠിക്കാൻ വഴിയേവർക്കും
സിദ്ധിച്ചു മാവേലി വാഴുംകാലം
സ്ത്രീക്കും പുരുഷനും തുല്യമായി
വാച്ചു സ്വതന്ത്രതയെന്തു ഭാഗ്യം?
കാലിക്കു കൂടി ചികിത്സ ചെയ്യാൻ
ആലയം സ്ഥാപിച്ചിതന്നു മർത്ത്യൻ
സൗഗതരേവം പരിഷ്കൃതരായ്
സർവം ജയിച്ചു ഭരിച്ചു പോന്നോർ

വീണ്ടും ബുദ്ധമതകാലത്തെയും ബുദ്ധമതത്തെയും സഹോദരൻ അയ്യപ്പൻ ആനയിക്കുന്നു. ധ്യാനം കൊണ്ടു പ്രബുദ്ധരായവർ നിർദ്ദേശിച്ച മതമാണത്.

ധ്യാനത്തിനാലേ പ്രബുദ്ധരായ
ദിവ്യരാൽ നിർദ്ദിഷ്ടമായ മതം
ആ മതത്തിന്നായ് ശ്രമിച്ചിടേണം
ആ മതത്തിന്നു നാം ചത്തിടേണം
വാമനാദർശം വെടിഞ്ഞിടേണം

മാബലി വാഴ്ച വരുത്തിടേണം
ഓണം നമുക്കിനി നിത്യമെങ്കിൽ
ഊനം വരാതെയിരുന്നു കൊള്ളും.

നിർമ്മലമായ കൈ നീട്ടാൻ കുറത്തി കേരളാംബയോടു പറയുന്നു. 'ധർമ്മക്കുറത്തി'യെന്ന കവിതയിൽ തെക്കോട്ടു കാലുംനീട്ടിയിരിക്കുന്ന പച്ചപ്പട്ടുടുത്ത കേരളത്തിന്റെ ഭാവി ധർമ്മക്കുറത്തി പ്രവചിക്കുന്നു. ബുദ്ധം, ധർമ്മം, സംഘം എന്നീ മൂന്നു രത്നങ്ങളും ലഭിക്കുന്നതിനുള്ള രേഖ കുറത്തി കേരളത്തിന്റെ കൈരേഖയിൽ കാണുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന ആദർശത്തിൽ ജനങ്ങൾ ജീവിക്കുന്നതാണ് കുറത്തി കാണുന്ന ആ ഭാവി കാലം.

വാഗ്ഭടാനന്ദന്റെയും ശിവാനന്ദ പരമഹംസരുടെയും കാവ്യവിമർശനം അദ്വൈതമായ ഒരു യുക്തിയിൽ നിന്നുകൊണ്ടുള്ളതാണ്. എന്നാൽ സഹോദര വിമർശനമാകട്ടെ ഒരു വശത്ത് ആധുനികയുക്തിയെയും മറുവശത്ത് ബുദ്ധമതത്തെയും ഉയർത്തിക്കാട്ടുന്നതാണ്. സഹോദരൻ ഉൾപ്പെടെയുള്ളവർ ഉയർത്തിക്കാട്ടിയ ബുദ്ധമത സ്വാധീനം കേരളീയ നവോത്ഥാന ചർച്ചകളിൽ വേണ്ടത്ര ഗണിക്കപ്പെട്ടിട്ടില്ല. ബുദ്ധനെയും സംഘത്തെയും ധർമ്മത്തെയും ശരണം പ്രാപിക്കുന്ന ഒരു ആധുനിക കേരളത്തെയാണ് 'ധർമ്മക്കുറത്തി'യിൽ സഹോദരൻ സ്വപ്നം കാണുന്നത്. അതുതന്നെയാണല്ലോ പില്ക്കാലത്ത് അംബേദ്കർ ഇന്ത്യയിലെ കീഴാളരുടെ പൊതുവായ ഭാവിയായും കണ്ടത്. ബുദ്ധസ്തോത്രം, ധർമം തുടങ്ങിയ കവിതകൾ എഴുതിയ സഹോദരന് തീർച്ചയായും പൊരുത്തപ്പെടുന്ന ദർശനമാണത്. അവർ ഇച്ഛിച്ചാലും ഇല്ലെങ്കിലും വാഗ്ഭടനും ശിവാനന്ദ പരമഹംസരും പ്രതിനിധീകരിക്കുന്ന കാവ്യവിമർശനത്തിന്റെ ആദ്യധാര ക്ഷേത്രസംസ്കാരത്തെ ശക്തിപ്പെടുത്തുന്നതിലേക്കും കീഴാളത്വത്തെ അപരമാക്കുന്നതിലുമാണ് എത്തിപ്പെട്ടതെങ്കിൽ അത് സഹോദരൻ അയ്യപ്പനിൽ കീഴാളവിമോചനത്തെ മുന്നിൽ കാണുന്ന രാഷ്ട്രീയവുമായി ബന്ധപ്പെട്ടതും ബുദ്ധതത്വത്തെ പകരം വെക്കുന്നതുമാണ്. മാടനെയും മറുതയെയും നിഷേധിച്ച ശ്രീനാരായണഗുരുവിന്റെ സമീപനം സ്വാഭാവികമായി പില്ക്കാല ഹിന്ദുമതവത്കരണത്തിലേക്കാണ് എത്തിച്ചേർന്നത് എന്ന വിമർശനത്തിനുള്ള മറുപടിയാണ് സഹോദരന്റെ ഉദ്ബുദ്ധമായ സമീപനം.

ഗ്രന്ഥസൂചി

1. സി.വി.കുഞ്ഞുരാമൻ 2002, സി.വി.കുഞ്ഞുരാമന്റെ തിരഞ്ഞെടുത്ത കൃതികൾ, കൗമുദി പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
2. വാഗ്ഭടാനന്ദ ഗുരു, 2014, വാഗ്ഭടാനന്ദന്റെ സമ്പൂർണ്ണ കൃതികൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. സ്വാമി ശിവാനന്ദ പരമഹംസർ, 1993, കേരളാനാചാരം, സിദ്ധസമാജം ജനറൽ പ്രസിഡന്റ്, വടകര.
4. ഷീജ എം.പി., 2010, സഹോദരൻ അയ്യപ്പൻ ജീവിതവും കൃതികളും , മൈത്രി ബുക്സ്. തിരുവനന്തപുരം.